**14-ാം കേരള നിയമ സഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *20** **07.08.2017-ൽ മറുപടിയ്ക്ക്**

**മെഡിക്കൽ പ്രവേശനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. രാജേഷ് :**<br>**ശ്രീ. ആന്റണി ജോൺ :**<br>**ശ്രീ. യു.ആർ. പ്രദീപ് :**<br>**ശ്രീ. പുരുഷൻ കടലുണ്ടി :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ മെഡിക്കൽ പ്രവേശനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ ; | (എ) 2017 മെയ് 9-ാം തീയതിയിലെ ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം NEET - UG 2017 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നടത്തുന്ന ഏകീകൃത കൗൺസലിംഗ് മുഖേനയായിരിക്കും. ആയത് പ്രകാരം NEET - UG 2017 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാന മെരിറ്റ് ലിസ്റ്റുകൾ, ബന്ധപ്പെട്ട കാറ്റഗറി ലിസ്റ്റുകൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്ക് ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിക്കുകയും ആദ്യഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചിട്ടുള്ള സമയക്രമം അനുസരിച്ച് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ രണ്ടാം ഘട്ട കൗൺസലിംഗ് 2017 ആഗസ്റ്റ് 8 മുതൽ |

| | | | |
|---|---|---|---|
| | | | 19 വരെ തീയതികളിൽ നടത്തേണ്ടതാണ്. 2017 ആഗസ്റ്റ് 8 - ന് ആരംഭിക്കുന്ന രണ്ടാം ഘട്ട കൗൺസലിംഗിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളെ ഉൾപ്പെടുത്തി അലോട്ട്മെന്റ് നടത്തുന്നതാണ്. |
| (ബി) | സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണ്ണയം സംബന്ധിച്ച് സർക്കാർ നടത്തിയ ചർച്ചകളും ഇടപെടലുകളും വ്യക്തമാക്കാമോ; | (ബി) | സ്വകാര്യ മെഡിക്കൽ മാനേജ്മെന്റുകളുമായി സർക്കാർ 27.03.2017, 31.05.2017, 14.06.2017 നും ചർച്ച നടത്തുകയുണ്ടായി. എന്നാൽ ഫീസ് ഘടന സംബന്ധിച്ച് ധാരണയിലെത്തുകയുണ്ടായില്ല. തുടർന്ന് ചില മാനേജുമെന്റുകളായ എം.ഇ.എസ്, സി.എസ്.ഐ കാരക്കോണം മുതലായവർ ഗവൺമെന്റിനെ സമീപിക്കുകയും മുൻവർഷത്തെ ഫീസ് നിരക്കിൽ തന്നെ കരാർ ഒപ്പുവയ്ക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. |
| (സി) | കോടതി വിധികളിലെ പ്രതിലോമകരമായ വ്യവസ്ഥകൾ നിലനിൽക്കെത്തന്നെ ഉയർന്ന റാങ്കു ലഭിച്ച സാമ്പത്തികമായി താഴ്ന്ന നിലയിലുള്ളവർക്ക് പഠിക്കാനുള്ള അവസരം ഉറപ്പാക്കാനായി ഏതു വിധത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച താൽക്കാലിക ഫീസ് നിരക്ക് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവിൽ അംഗീകരിച്ചിട്ടുണ്ട്. സർക്കാരുമായി ധാരണയിലെത്തുന്ന കോളേജുകളിൽ കഴിഞ്ഞ വർഷത്തെ ഫീസ് നിരക്കാണ് ബാധകമാവുക. എൻ.ആർ.ഐ സീറ്റിലെ (എം.ബി.ബി.എസ്) ഇരുപത് ലക്ഷം രൂപയിൽ അഞ്ച് ലക്ഷം രൂപ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി നീക്കി വയ്ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**